**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3776** **12-03-2025 - ൽ മറുപടിയ്ക്ക്**

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ബഡ്ജറ്റ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2024-25 വർഷത്തെ ബഡ്ജറ്റിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ-യ്ക്ക് എന്ത് തുക വകയിരുത്തിയിരുന്നു എന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ യ്ക്ക് 1214 ലക്ഷം രൂപ പദ്ധതി വിഹിതമായി പ്ലാൻ ഹെഡിലും 500 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. വായ്പയായും വകയിരുത്തി യിരുന്നു. ഇതിൽ പദ്ധതി ക്രമീകരണം കഴിച്ച് 6.24 കോടി രൂപ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് റിലീസ് ചെയ്തു നൽകുകയുണ്ടായി. താഴെപ്പറയുന്ന ഇനങ്ങൾക്കായി ഈ തുക മുഴുവനും ഉപയോഗിച്ചിട്ടുണ്ട്. |

| I – (പദ്ധതി വിഹിതം) പ്ലാൻ ഹെഡ് | | |
|---|---|---|
| 1 | ഹൈടെക് സ്ലോട്ടർ ഹൗസിനും, കോഴി സംസ്കരണ പ്ലാന്റിനും ഉള്ള പ്രവർത്തന മൂലധനം | Rs.5,10,06,500/- |
| 2 | ഇടയാറിലുള്ള ഹൈടെക് സ്ലോട്ടർ ഹൗസിനു അടിയന്തിരമായി വേണ്ടിവന്ന അറ്റകുറ്റപ്പണി | Rs.25,00,000/- |
| 3 | അടിയന്തിര കടബാധ്യത തീർക്കാൻ | Rs.38,93,500/- |
| 4 | മൂല്യവർദ്ധിത ഇറച്ചി ഉൽപന്ന സംസ്കരണ പ്ലാന്റ്, ഏറ്റുമാനൂർ വേണ്ടിവന്ന അറ്റകുറ്റപ്പണികൾ | Rs.5,00,000/- |
| | **ആകെ : ആറ് കോടി ഇരുപത്തിനാല് ലക്ഷം രൂപ** | **Rs.6,24,00,000** |
| II | ആർ.ഐ.ഡി.എഫ്. വായ്പ ഇനത്തിൽ തുകയൊന്നും റിലീസ് ചെയ്തു കിട്ടിയില്ല | |

| | | | |
|---|---|---|---|
| (ബി) | 2025-26-ലെ ബഡ്ജറ്റിൽ പ്രസ്തുത സ്ഥാപനത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഏതെല്ലാം രീതിയിലാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | **2025-26 വർഷത്തെ ബഡ്ജറ്റിൽ എം.പി. ഐ.-ക്ക് പദ്ധതി വിഹിതമായി പ്ലാൻ ഹെഡിൽ 614 ലക്ഷം രൂപയും, ആർ.ഐ.ഡി.എഫ്. വായ്പയായി 1100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രവർത്തന മൂലധനവും സാമ്പത്തിക സഹായവുമിനത്തിലാണ് 614 ലക്ഷംരൂപ ചിലവാക്കാൻ ഉദ്ദേശിക്കുന്നത്. ആർ.ഐ.ഡി.എഫ്. വായ്പ ഇടയാറിലുള്ള ഹെഡ് ഓഫീസ് ക്യാമ്പസിന്റെ ചുറ്റുമതിലും ഡ്രയിനേജ്, ഇ.റ്റി.പി. നിർമ്മാണത്തിനും ഏത്തർ മൂല്യവർദ്ധിത ഇറച്ചി ഉൽപന്ന പ്ലാന്റിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമാണ്.** |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ വരുംവർഷങ്ങളിൽ എന്തെല്ലാം വികസനപദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **വരുംവർഷങ്ങളിൽ താഴെപ്പറയുന്ന വികസന പദ്ധതികളാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.**<br><br>**കാള / പോത്ത് കുട്ടി വളർത്തൽ കേന്ദ്രം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കാൻ പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതും, നബാർഡിന്റെ സഹായം ലഭ്യമാകുന്ന മുറയ്ക്ക് ഇത് നടപ്പിലാക്കുന്നതുമാണ്. കൂടാതെ ചാലക്കുടിയിൽ കമ്പനിക്കുള്ള 16 ഏക്കർ സ്ഥലത്ത് ഹാച്ചറി, കോഴിഫാം, കോഴിയിറച്ചി സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്.**<br><br>**കമ്പനി ഇതിനകം ചിൽഡ് / ഫ്രഷ് ഇറച്ചി ഉൽപാദനം ആരംഭിക്കുകയും ഇതിന്റെ വിപണനത്തിനായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഫ്രാൻഞ്ചൈസി ഔട്ട്ലെറ്റുകൾ '' എം.പി.ഐ. മീറ്റ്സ് & ബൈറ്റ്സ് '' എന്ന ബ്രാൻഡിൽ ആദ്യപടിയായി 250 എണ്ണം സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 15.10.2024-ൽ 30 എണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ, മൂല്യവർദ്ധിത ഇറച്ചി ഉൽപന്നങ്ങളുടെ ഉൽപാദനം ഇരട്ടിയാക്കി വിപണനം ശക്തിപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ